# ഇരു രാജ്യങ്ങളിലെയും പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രയത്നത്തില് ജലവൈദ്യുത പദ്ധതികളുടെ സംയുക്ത സംരംഭങ്ങളുടെ വികസനത്തെ സംബന്ധിച്ചുള്ള റോയല് ഗവണ്മെന്റ് ഓഫ് ഭൂട്ടാനും ഗവണ്മെന്റ് ഓഫ് ദി റിപ്പബ്ലിക് ഓഫ് ഇന്ത്യയും തമ്മിലുള്ള കരാര്

ഏപ്രില് 22, 2014

"ഇരു രാജ്യങ്ങളിലെയും പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രയത്നത്തില് ജലവൈദ്യുത പദ്ധതികളുടെ സംയുക്ത സംരംഭങ്ങളുടെ വികസനത്തെ സംബന്ധിച്ചുള്ള റോയല് ഗവണ് മെന്റ് ഓഫ് ഭൂട്ടാനും ഗവണ് മെന്റ് ഓഫ് ദി റിപ്പബ്ലിക് ഓഫ് ഇന്ത്യയും തമ്മിലുള്ള കരാര് " ചട്ടക്കൂട് തിംബുവില് വച്ച് ഇന്ന് (ഏപ്രില് 22 , 2014 ) റോയല് ഗവണ് മെന്റ് ഓഫ് ഭൂട്ടാനിലെ സാമ്പത്തിക കാര്യ മന്ത്രാലയ സെക്രട്ടറി
ശ്രീ സോനം ഷെറിംഗും ഗവണ് മെന്റ് ഓഫ് ഇന്ത്യ, ഊര്ജ മന്ത്രാലയം സെക്രട്ടറി ശ്രീ പി.കെ സിന്ഹയും ഒപ്പ് വച്ചു .
പരസ്പരം പ്രയോജനം ഉള്ള വിന് - വിന് സഹകരണത്തിന് ഒരു ശ്രേഷ്ഠമായ ഉദാഹരണം ആണ് ഭൂട്ടാനുമായുള്ള ജലവൈദ്യുത പദ്ധതി. ഇതിലൂടെ ഇന്ത്യക്ക് ശുദ്ധമായ വൈദ്യുതി നല്കുകയും ഭൂട്ടാന് കയറ്റുമതി വരുമാനം സൃഷ്ടിക്കുവാന് സാധിക്കുകയും നമ്മുടെ ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങള് ശക്തമാക്കുവാന് സഹായിക്കുകയും ചെയ്യും. ഈ ജലവൈദ്യുത പദ്ധതികള് ( എച്ച്ഇപികള് ) ഭൂട്ടാനില് ഇതിനോടകം പ്രവര്ത്തനം ആരംഭിക്കുകയും ഇന്ത്യയിലേക്ക് വൈദ്യുതി വിതരണം ചെയ്യുവാനും ആരംഭിച്ചു . മൊത്തം 29 4 0 മെഗാവാട്ട് ശേഷിയുള്ള മൂന്നു എച്ച്ഇപികള് കൂടിയുണ്ട് . അവ 1200 മെഗാവാട്ട് പുനത്സാങ്ഗ് ചു -I എച്ച്ഇപി , 1020 മെഗാവാട്ട് പുനത്സാങ്ഗ് ചു -II

, 720 മെഗാവാട്ട് മാന്ഗ്ദേചു എച്ച്ഇപി , എന്നിവ നിര്മ്മാണത്തില് ഇരിക്കുകയാണ് . അവ 2018 ല് കമ്മീഷന് ചെയ്യപ്പെടും . മുകളിലുള്ള സര്ക്കാരുകള് തമ്മിലുള്ള കരാര് , മൊത്തം 2120മെഗാവാട്ട് വരുന്ന നാലു ജലവൈദ്യുത പദ്ധതികള് നടപ്പാക്കുവാനുള്ള ചട്ടക്കൂടിനുള്ള അവസരം സാധ്യമാകും. ത് സാങ്കേതിക- സാമ്പത്തിക സാധ്യതകള് ഉള്പ്പെടെയുള്ള അവരുടെ ഡിപ്പാര്ട്ട്മെന്റല് പെര്ഫോര്മന്സ് റിപ്പോര്ട്ട് മൂല്യനിര്ണയതിന്റെ പ്രക്രിയ പൂര്ത്തിയാകുന്നത് അനുസരിച്ചായിരിക്കും. ഇരു രാജ്യങ്ങളിലെയും പൊതു മേഖലാ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭം ആയിട്ടാകും, അത് താഴെ പറയുന്നു :

-----------------------------------------------------------------------------------------------------------

കാര്യക്ഷമതയും ജലവൈദ്യുത പദ്ധതിയുടെ പേരും -----ജെവി പാര്ട്ട് ണേഴ്സ്

-----------------------------------------------------------------------------------------------------------

ഭൂട്ടാനിലെ 600 മെഗാവാട്ട് ഖോലോങ്ചു ജലവൈദ്യുത പദ്ധതി --- എസ്ജെ വി എന് ലിമിറ്റഡ് ഓഫ് ഇന്ത്യ & ഭൂട്ടാനിലെ ഡ്രക്ക് ഗ്രീന് പവര് കോര്പ്പറേഷന് (DGPC)

180 മെഗാവാട്ട് ബുനാഖ ജലവൈദ്യുത പദ്ധതി ( താല , കുറിച്ചു , വാംഗ്ചു ജലവൈദ്യുത പദ്ധതി കളില് നിന്നും ഒഴുക്കിന്റെ ദിശയില് 230 മെഗാവാട്ട് ഗുണം ലഭിക്കും ) ---ടിഎച്ച്ഡിസി ലിമിറ്റഡ് ഓഫ് ഇന്ത്യ & ഭൂട്ടാനിലെ ഡ്രക്ക് ഗ്രീന് പവര് കോര്പ്പറേഷന് (DGPC)

570 മെഗാവാട്ട് വാംഗ്ചു ജലവൈദ്യുത പദ്ധതി --- എസ്ജെ വി എന് ലിമിറ്റഡ് ഓഫ് ഇന്ത്യ & ഭൂട്ടാനിലെ ഡ്രക്ക് ഗ്രീന് പവര് കോര്പ്പറേഷന് (DGPC)

770 മെഗാവാട്ട് ചാംകര്ചു ജലവൈദ്യുത പദ്ധതി ---എന് എച്ച് പി

സി ലിമിറ്റഡ് ഓഫ് ഇന്ത്യ & ഭൂട്ടാനിലെ ഡ്രക്ക് ഗ്രീന് പവര് കോര്പ്പറേഷന് (DGPC)

---------------------------------------------------------------------------------------------------------------
--

മുകളില് പറയുന്ന സര്ക്കാരുകള് തമ്മിലുള്ള കരാര് ഒപ്പു വയ്ക്കുന്നതിലൂടെ മുകളിലുള്ള പദ്ധതികള് സാധ്യമാകുകയും നമ്മുടെ ജലവൈദ്യുത സഹകരണം ശക്തിപ്പെടുത്തുവാനും സാധിക്കും മാത്രമല്ല ഭൂട്ടാനുമായുള്ള തന്ത്രപ്രധാന പങ്കാളിത്തം കൂടുതല് ഉറപ്പിക്കുവാനും അതിലൂടെ സാധിക്കും.

ന്യൂഡെല്ഹി
ഏപ്രില് 22,2014